ജോർജ് തുമ്പയിൽ

ബൂൺടൺ ദുരന്തം: തങ്ങൾ കുറ്റക്കാരല്ലന്ന് പർവേസും മലയാളി യുവതി അന്റോണിയറ്റും

ന്യൂജേഴ്സിയിലെ ബൂൺടണിൽ കഴിഞ്ഞ ഓഗസ്റ്റിൽ കാമുകന്റെ ഭാര്യ, പാക് വംശജയായ നൂറാണിയെ വെടിവച്ച്കൊന്ന കേസിൽ അറസ്റ്റിലായ മലയാളി യുവതി അന്റോണിയറ്റ് സ്റ്റീഫനും കാമുകൻ പാക് വംശജനായ കാഷിഫ് പർവേസും കൊലപാതകത്തിൽ തങ്ങൾ കുറ്റക്കാരല്ലന്ന് ന്യൂജേഴ്സി മോറിസ്ടൗണിലെ സുപ്പീരിയർകോടതിയിൽ ഹർജി നൽകി. വെടിവച്ച അന്റോണിയറ്റ് സ്റ്റീഫനൊപ്പം, നൂറാണിയുടെ ഭർത്താവ് ബ്രൂക്ലിനിൽ ജനിച്ചുവളർന്ന കാഷിഫ് പർവേയ്സിനെതിരെയും കൊലക്കുറ്റം ചുമത്തപ്പെട്ടിട്ടുണ്ട്.

ഭാര്യയെ കൊലപ്പെടുത്താൻ സ്റ്റീഫനെ വാടകയ്ക്കെടുത്ത പർവേസ്, സംഭവത്തിൽ തനിക്ക് പങ്കില്ലന്ന് കാണിക്കാൻ സ്വയം മുറിവേൽപിച്ച തായും പർവേസിനെതിരെ കുറ്റമുണ്ട്.

പിതാവ് വാങ്ങിനൽകിയ ടാൻ സ്യൂട്ടിട്ട്, ശാന്തനും നിസംഗനുമായിട്ടായിരുന്നു കാഷിഫ് പർവേസ്, മോറിസ്ടൗൺ കോടതിയിലേക്ക് നടന്നെത്തിയത്. പർവേസിന്റെ മാതാവ് മകനുനേരെ സ്നേഹത്തോടെ ഫ്ളൈയിംഗ്കിസ് ഊതിവിട്ടു. സഹോദരങ്ങളും കസിൻസും അമ്മാവൻമാരും അയാൾക്ക് പിന്തുണയുമായി കോടതിയിലെത്തിയിരുന്നു. ഭാര്യ കൊല്ലപ്പെട്ട സംഭവത്തിൽ തന്റെ കക്ഷി നിരപരാധിയാണന്ന് പർവേസിന്റെ അറ്റോർണി ജോൺ ബ്രൂണോ, ജഡ്ജി റോബർട്ട് ഗിബ്സണെ ബോധിപ്പിച്ചു.

നീലനിറത്തിലെ സ്ലീവ്ലസ് ഷർട്ടും കറുത്ത സ്കർട്ടുമണിഞ്ഞ് പോണിടെയ്ൽ സ്റ്റൈലിൽ മുടി കെട്ടി കുനിഞ്ഞ ശിരസുമായി, നിസംഗഭാവത്തിലായിരുന്നു അന്റോണിയോയുടെ വരവ്. കോടതി നടപടിക്രമങ്ങൾക്കിടെ നിശബ്ദയായി കാണപ്പെട്ട അന്റോണിയറ്റിനുവേണ്ടി അറ്റോർണി മിഖായേൽ ഫ്ളച്ചറാണ് സംസാരിച്ചത്. കേസിൽ തന്റെ കക്ഷി കുറ്റക്കാരിയല്ല. നൂറാണിയുടെ കൊലപാതകം ആസൂത്രണം ചെയ്തതിൽ അവൾക്ക് പങ്കില്ല. അന്റോണിയോവിനെതിരായ ആരോപണങ്ങളെ നിഷേധിച്ച് ഫ്ളെച്ചർ പറഞ്ഞു.

പർവേസിനും സ്റ്റീഫനുമെതിരെ കൊലപാതകകുറ്റം നിലനിൽക്കുന്ന സാഹചര്യത്തിൽ, ശിക്ഷിക്കപ്പെട്ടാൽ കടുത്തശിക്ഷ ലഭിക്കുമെന്ന് ചൂണ്ടിക്കാണിക്കപ്പെടുന്നു. കൊലപാതകത്തിനു പുറമേ, കാമുകൻ പർവേസ് സംഭവത്തിൽ ഉൾപ്പെട്ടിട്ടില്ലന്ന് കാണിക്കാനുദ്ദേശിച്ച് അയാളെ മനപൂർവം മുറിവേൽപിച്ചതിനും സ്റ്റീഫൻ കുറ്റക്കാരിയാണ്. പർവേസിൽനിന്നും സാമ്പത്തികലാഭം പോലെയെന്തോ പ്രതീക്ഷിച്ചാണ് സറ്റീഫൻ കൊലനടത്തിയതെന്ന് ആരോപിക്കപ്പെടുന്നു. സ്റ്റീഫൻ മനപൂർവം, കൊല്ലണമെന്നുദ്ദേശിച്ച് തന്നെയാണ് വെടിവച്ചതെന്ന് കുറ്റപത്രം പറയുന്നു. റിവോൾവറും ഹാൻഡ്ഗണും കൈവശം വച്ചതിനും മൂന്നുവയസുള്ള കുഞ്ഞിന് മാനസികപീഡനം ഉണ്ടാക്കിയതിനും ഇരുവർക്കുമെതിരെ കേസ് നടപടികളുണ്ട്.

കഴിഞ്ഞ ഓഗസ്റ്റ് 16ന് രാത്രി ജോർജ് വാഷിംഗ്ടൺ പാലത്തിൽ നിന്ന് 20 മിനിറ്റ് ദൂരമുള്ള ബൂൺടണിൽ വച്ചായിരുന്നു രാജ്യത്തെയും ഇന്ത്യൻ സമൂഹത്തെയാകെയും നടുക്കി അന്റോണിയോ, കാമുകന്റെ ഭാര്യയെ വെടിവച്ച് കൊന്നത്. ഭാര്യാസഹോദരിയുടെ വീട്ടിൽ നിന്ന് രാത്രി ഭക്ഷണം കഴിച്ച് കാഷിഫും(26)ഭാര്യ നസീഷ് നൂറാണിയും(27) മൂന്നുവയസുള്ള പുത്രൻ ഷയാനെ സ്ട്രോളറിലിരുത്തി പുറത്തേക്ക് നടക്കുമ്പോഴായിരുന്നു വെടിവയ്പ്. നെഞ്ചിൽ വെടിയേറ്റ നൂറാണി ഉടൻ വീണുമരിച്ചു. കാഷിഫിനും തോളിലും കൈകളിലും വെടിയേറ്റിരുന്നെങ്കിലും അത് കൊലപാതക കുറ്റത്തിൽനിന്ന് രക്ഷപ്പെടാനുള്ള ആസൂത്രിതനീക്കങ്ങളുടെ ഭാഗമായിരുന്നുവെന്ന് പിന്നീട് തെളിഞ്ഞു. ഷയാന് പരിക്കൊന്നുമുണ്ടായിരുന്നില്ല. ഇവർക്ക് ആറുവയസുള്ള മറ്റൊരു പുത്രൻ കൂടിയുണ്ട്.

മുസ്ലീം ഭീകരൻ എന്നാക്രോശിച്ച് ഒരു ആഫ്രിക്കൻ അമേരിക്കനും ഒരുവെള്ളക്കാരനും മറ്റൊരാളും ചേർന്നാണ് തങ്ങൾക്കുനേരേ വെടിയുതിർത്തതെന്ന് കാഷിഫ് മൊഴിനൽകിയതോടെയാണ് സംഭവം രാജ്യമാകെ ശ്രദ്ധിക്കപ്പെട്ടത്. മൂന്ന് ആഫ്രിക്കക്കാർ മാത്രമേ ഉണ്ടായിരുന്നുള്ളൂവെന്നയാൾ പിന്നീട് മാറ്റിപ്പറഞ്ഞത് സംശയത്തിനിടയാക്കി. വീണ്ടും ചോദ്യം ചെയ്തപ്പോൾ, അതൊരു കൈയബദ്ധമായിരുന്നെന്നു മൊഴിനൽകി. വിശദമായ ചോദ്യം ചെയ്യലിൽ പർവേസ് കുറ്റം സമ്മതിക്കുകയായിരുന്നു.

വെടിവയ്പ് നടക്കുന്നതിന് കുറച്ചുസമയം മുമ്പുവരെ അന്റോണിയറ്റും പർവേസും സെൽഫോണിൽ ടെക്സ്റ്റ് മെസേജുകൾ കൈമാറിയത് പോലിസ് കണ്ടെത്തി. ഓഗസ്റ്റ് 12ന് അന്റോണിയറ്റ്, പർവേസിനയച്ച മെസേജ് ഇങ്ങനെ. നിന്റെ സ്വാതന്ത്ര്യം ഉടനുണ്ടാകും, നീ അവിടെത്തന്നെ നിൽക്ക്. നിന്റെ പേരിൽ ഞാൻ നാളെ പണം നിക്ഷേപിക്കും. നാളെ രാത്രി നമുക്ക് കാണാം. മറ്റൊരു മെസേജിൽ പറയുന്നതിങ്ങനെ.

അന്റോണിയോവിന്റെ പിതാവ് തമിഴ് വംശജനായ ഡോക്ടറാണ്. നേഴ്സായ അമ്മ മലയാളിയും. നാട്ടിൽ നിന്ന് ആർകിടെക്ചറിൽ ബിരുദമെടുത്ത് വന്ന് കേംബ്രിഡ്ജിലെ ബെസ്റ്റ്ബൈയിൽ ജോലിചെയ്യവേ അന്റോണിയോ കൊലപാതകക്കുറ്റത്തിന് അറസ്റ്റിലായ വാർത്ത മാതാപിതാക്കൾക്കും ബന്ധുക്കൾക്കുമൊപ്പം ഇന്ത്യൻസമൂഹത്തെയാകെ ഞെട്ടിച്ചിരുന്നു.

ദമ്പതികളായ നസീഷും പർവേസും തമ്മിൽ പലപ്പോഴും കലഹിച്ചിരുന്നത്രേ. തന്റെ കുടുംബക്കാരെ നസീഷ് അധിക്ഷേപിച്ചെന്നായിരുന്നു പർവേസിന്റെ പരാതി. വഴക്ക് പലപ്പോഴും നസീഷിനെ ദേഹോപദ്രവമേൽപിക്കുന്നതിലാണ് കലാശിച്ചിരുന്നത്. കാഷിഫ് തന്നെ കൊന്നാൽ പോലും അതിശയിക്കേണ്ടെന്ന് നസീഷ് സഹോദരന് നേരത്തെ മെസേജ് അയച്ചിരുന്നു.

തങ്ങൾ തമ്മിൽ വെറും സൗഹൃദം മാത്രമേയുള്ളൂവെന്നാണ് ഇരുവരും നസീഷിനോട് പറഞ്ഞിരുന്നത്. ധനികകുടുംബത്തിൽ നിന്നുള്ള കാഷിഫിന് നിരവധിയുവതികളുമായി ബന്ധമുണ്ടായിരുന്നതായി പോലിസ് പറഞ്ഞു.